LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) GO (MS) No. 51/2013/Home dated 23-2-2013, GO(MS) No. 239/2015/H&FWD dated 26-10-2015 എന്നീ ഉത്തരവുകൾ പ്രകാരമാണ് രാത്രികാല പോസ്റ്റ്മോർട്ടം ഉത്തരവായിട്ടുള്ളത്. എന്നാൽ മെഡിക്കൽ കോളേജുകളിൽ ഇത് പ്രാവർത്തികമാക്കിയിട്ടില്ല. സ്റ്റാഫിന്റേയും ഇൻഫ്രാസ്ട്രക്ചറിന്റേയും അഭാവമാണ് രാത്രികാല പോസ്റ്റ്മോർട്ടം നടപ്പാക്കാതിരിക്കാനുള്ള കാരണം.

(ബി) പ്രസ്തുത ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും കാസർഗോഡ് ജനറൽ ആശുപത്രിയിലും രാത്രികാല പോസ്റ്റ്മോർട്ടം നടപ്പിലാക്കിയ GO (MS) No.239/2015/H&FWD 26-10-2015 ഉത്തരവിനെതിരെ കേരള മെഡിക്കോ-ലീഗൽ സൊസൈറ്റി സെക്രട്ടറി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) No. 33874/2015(H) നമ്പർ റിട്ട് ഹരജി ചെയ്തതിനെത്തുടർന്നാണ് പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തത്. പ്രസ്തുത കേസിൽ സർക്കാരിനുവേണ്ടി ഹാജരാകാൻ അഡ്വക്കേറ്റ് ജനറലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ എന്നീ തസ്തികകളിലായി 55 തസ്തികകൾ ഉണ്ട്. അതിൽ 19 തസ്തികകളിൽ ഒഴിവുണ്ട്. സ്ഥാനക്കയറ്റം നടത്തി നിയമിക്കാനുള്ള തസ്തികകൾ ഡി.പി.സി. വഴി സ്ഥാനക്കയറ്റം നടത്താനും പ്രവേശന തസ്തികകൾ പി.എസ്.സി. വഴി നികത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എൻ.ആർ.എച്ച്.എം.-ന് കീഴിൽ പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ

113(813) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എൻ.ആർ.എച്ച്.എം. ആയുർവ്വേദ മെഡിക്കൽ ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് 2013-ൽ നിലവിൽ വന്നതിന് ശേഷം നാളിതുവരെയും നിയമനങ്ങളൊന്നും നടത്താത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ പുതിയതായി എൻ.ആർ.എച്ച്.എം. താത്കാലിക ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 25-ഓളം പഞ്ചായത്തുകൾ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി അപേക്ഷ സമർപ്പിച്ച് 2 വർഷം കഴിഞ്ഞിട്ടും ഡിസ്പെൻസറികൾ തുടങ്ങുന്നതിന് അനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം.-ന് കീഴിൽ പുതിയതായി ആയുർവ്വേദ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ നിലവിൽ എല്ലാ പഞ്ചായത്തുകളിലും സർക്കാർ/ എൻ.ആർ.എച്ച്.എം. ആയുർവ്വേദ ഡിസ്പെൻസറികൾ നിലവിലുണ്ട്. പുതിയ സ്ഥാപനങ്ങൾ തുടങ്ങാത്തതിനാലാണ് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ കഴിയാത്തത്.

(ബി) ടി പഞ്ചായത്തുകളിൽ എല്ലാംതന്നെ സർക്കാർ/എൻ.ആർ.എച്ച്.എം. ആയുർവ്വേദ ഡിസ്പെൻസറികൾ നിലവിലുണ്ട്. ആയതിനാലാണ് പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾക്ക് അനുമതി നൽകാത്തത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15 ആയുർവ്വേദ ഡിസ്പെൻസറികൾ എൻ.ആർ.എച്ച്.എം.-ന് കീഴിൽ പ്രവർത്തനം ആരംഭിച്ചു. (തിരുവനന്തപുരം- 4, കോട്ടയം-4, മലപ്പുറം-1, കോഴിക്കോട്-3, എറണാകുളം-1, തൃശ്ശൂർ-2)

പരിയാരം സർക്കാർ ആയുർവ്വേദ കോളേജ്

114(814) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പരിയാരം സർക്കാർ ആയുർവ്വേദ കോളേജിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളത്; ഏതൊക്കെ പി.ജി. കോഴ്സുകൾ തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിയാരം ആയുർവ്വേദ കോളേജിൽ അടിസ്ഥാന സൗകര്യവികസനത്തിനായി ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്; അവയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(സി) പരിയാരം ആയുർവ്വേദ കോളേജിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട്; ഇവ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly